ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ട് അത് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിയുമായി ഞാൻ സംസാരിച്ചപ്പോൾ രണ്ടാം ഘട്ടത്തിൽ അതിന് തീരുമാനമുണ്ടാകുമെന്ന് പറഞ്ഞു. എന്താണ് രണ്ടാം ഘട്ടമെന്നുകൂടി മന്ത്രി വ്യക്തമാക്കണം. എന്നത്തേയ്ക്ക് സ്റ്റാഫിനെ നിയമിക്കാൻ കഴിയുമെന്നും വ്യക്തമാക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ ന്യായമായകാര്യമാണ്. 201 കേന്ദ്രങ്ങളിൽ കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങൾ കൊടുക്കുകയുണ്ടായി. അതിൽ 1200 സ്റ്റാഫിന്റെ പോസ്റ്റ് ക്രിയേഷൻ നടത്തുകയുണ്ടായി. അതിന്റെ ഫലമായി 10 കോടിയിൽപ്പരം രൂപയുടെ ബാധ്യതയാണ് പ്രതിവർഷം ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നത്. നിരവധി എം.എൽ.എ.-മാരും എം.പി.-മാരും ഇക്കാര്യം പറഞ്ഞു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ഉണ്ടാക്കിയ പുതിയ കെട്ടിടങ്ങൾ ഐഡിലായി കിടക്കുകയാണ്. ഐഡിലായി കിടക്കുന്ന കെട്ടിടങ്ങളിൽ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യം കൊടുക്കേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് രണ്ടാം ഘട്ടമായി ഈ കാര്യങ്ങളിൽ എന്തു ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചുവരുകയാണ്. തീർച്ചയായും രണ്ടാം ഘട്ടത്തിൽ പുതിയ ഐ. പി. യൂണിറ്റുകൾ ആരംഭിക്കുമ്പോൾ അയ്യംപുഴ ഗ്രാമ പഞ്ചായത്തിലും പുതിയ ഐ. പി. യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(6) കുരുമുളകിന്റെ വിലയിടിവ്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കുരുമുളകിന്റെ വിലയിടിവിനെത്തുടർന്ന് കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി കുരുമുളക് ഏറ്റെടുക്കുന്നതിനും സംഭരിക്കുന്നതിനുമുള്ള പരിപാടിയാണ് ഗവൺമെന്റ് തയ്യാറാക്കിയത്. വയനാട്ടിലും ഇടുക്കിയിലും സംഭരണം കഴിഞ്ഞു. പത്തനംതിട്ട പോലുള്ള ജില്ലകളിലേക്ക് ഇതുവരെ സംഭരണം നടപ്പാക്കിക്കഴിഞ്ഞിട്ടില്ല. കുരുമുളകിന്റെ സംഭരണം പ്രഖ്യാപിക്കുന്ന സമയത്ത് 64 രൂപയായിരുന്നു വിലയുണ്ടായിരുന്നത്. സംഭരണം പ്രഖ്യാപിച്ചശേഷം അത് 72 രൂപയായി വർദ്ധിക്കുകയും സംഭരണം തുടങ്ങിയശേഷം അത് 57 രൂപയായി കുറയുകയും ചെയ്തിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട കാരണം, ഒമ്പതാം നമ്പർ അരിപ്പ വച്ച് അരിച്ചാണ് കൃഷിക്കാരിൽ നിന്ന് കുരുമുളക് എടുക്കുന്നത്. അങ്ങനെയൊരാവശ്യം യഥാർത്ഥത്തിൽ ഉള്ളതല്ല. പന്ത്രണ്ടര മൗച്ചർ കുരുമുളകെടുത്താൽ ആ കുരുമുളക് കയറ്റി അയയ്ക്കുന്നതാണ് എന്നാണ് മനസ്സിലാക്കുന്നത്. മറ്റൊന്ന്, വ്യാപകമായി എല്ലാ സഹകരണ സ്ഥാപനങ്ങളിൽക്കൂടിയും കുരുമുളക് എടുക്കുന്നുണ്ടെങ്കിൽ മാത്രമേ കൃഷിക്കാരന് ഇത് പ്രയോജനം ചെയ്യുകയുള്ളൂ. ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് പ്രദേശങ്ങൾ സി. എച്ച്. ആർ. (Cardamom Hill Reserve)-ൽ പ്പെടുന്ന പ്രദേശങ്ങളായതുകൊണ്ട് കൃഷിക്കാരുടെ കയ്യിൽ കൈവശ സർട്ടിഫിക്കറ്റ് ഇല്ല, പട്ടയമില്ല. അതുകൊണ്ട് ഇതിന്റെ പ്രയോജനം

LIBRARY ARCHIVES Kerala Legislative Assembly

ഭൂരിപക്ഷം കൃഷിക്കാർക്കും ലഭിക്കാത്ത സ്ഥിതിയാണുള്ളത്. പല പ്രാവശ്യം കൃഷിക്കാർ പോയപ്പോഴും പിന്നീട് വരാനാണ് പറയുന്നത്. ഇത് കൃഷിക്കാർക്ക് വലിയ ബാധ്യത ഉണ്ടാക്കുന്നു. അതുകൊണ്ട് വെളുക്കാൻ തേച്ചത് ഇപ്പോൾ പാണ്ട് ആയി എന്നുള്ള സ്ഥിതിയാണ്. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കുരുമുളക് സംഭരണം സംബന്ധിച്ച് ഇന്നലേയും ഇടുക്കിയിൽ നിന്നുള്ള ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ചിരുന്നു. അതിന് ഞാൻ മറുപടിയും പറഞ്ഞു. പത്തനംതിട്ടയിൽ കുരുമുളക് എടുക്കുന്നില്ല എന്നു പറഞ്ഞു. പത്തനംതിട്ടയിൽ കുരുമുളക് സംഭരണം നടത്തുന്നുണ്ട് എന്നാണ് എനിക്ക് കിട്ടിയ വിവരം. ഏതായാലും അതിനെക്കുറിച്ച് അന്വേഷിക്കാം. വയനാട്, ഇടുക്കി, മലപ്പുറം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ സംഭരണം തുടങ്ങി എന്നാണ് എനിക്ക് തന്നിരിക്കുന്ന വിവരം. സംഭരണം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കണം എന്നത് ആവശ്യമെങ്കിൽ ചെയ്യാൻ പറയാം. മാർക്കറ്റിംഗ് ഫെഡറേഷനാണ് കുരുമുളക് സംഭരിക്കുന്നത്. അവരാണ് കൂടുതൽ സ്ഥലങ്ങളിൽ ആരെക്കൊണ്ട് എടുപ്പിക്കണം, ഏത് സൊസൈറ്റിയെക്കൊണ്ട് എടുപ്പിക്കണം എന്നു തീരുമാനിക്കുന്നത്. കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയിൽ സഹകരണവകുപ്പിന്റെ ജില്ലാ ഓഫീസറും പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറും മാർക്കറ്റിംഗ് ഫെഡറേഷന്റെ ഒരു പ്രതിനിധിയുമുണ്ട്. അവർ ചർച്ച ചെയ്ത് കൂടുതൽ സ്ഥലങ്ങളിൽ എടുപ്പിക്കണോ എന്നു തീരുമാനിക്കും. പ്രസ്തുത പദ്ധതി അനുസരിച്ച് രണ്ടു ഹെക്ടർ വരെ ഭൂമിയുള്ളവരിൽ നിന്നാണ് കുരുമുളക് എടുക്കുന്നത്. ഇപ്പോൾ 75 രൂപയ്ക്കാണ് എടുക്കുന്നത്. 59 രൂപയാണ് മാർക്ക് വില; വില കുറഞ്ഞാലും ഗവൺമെന്റ് 75 രൂപ ഫിക്സ് ചെയ്തു. 75 രൂപയാണ് കൃഷിക്കാരിൽ നിന്ന് എടുക്കുന്ന വില. അതുകൊണ്ട് വില കുറഞ്ഞുപോയാൽ കൃഷിക്കാർക്ക് നഷ്ടം വരാൻ സാധ്യതയില്ല. പിന്നെയൊരു കാര്യം പറഞ്ഞത്, കൃഷിക്കാരിൽ നിന്ന് പട്ടയം നോക്കിയാണ് എടുക്കുന്നതെന്നാണ്. പട്ടയം, ആധാരം, കരം തീർത്ത രസീത്, കൈവശരേഖ എന്നിവ സംബന്ധിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസർ സന്ദർശനം നടത്തി ഇതൊക്കെ നോക്കുന്നുണ്ട്. ഇതിൽ ഏതെങ്കിലും വ്യവസ്ഥ കൃഷിക്കാരന് ദോഷം വരുത്തുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. ലീസ് നിയമവിരുദ്ധമാണെങ്കിലും ധാരാളംപേർ ലീസായി ഭൂമിയെടുത്ത് കൃഷിചെയ്യുന്നുണ്ട്. നാട്ടിൻപുറങ്ങളിലെല്ലാം ലീസിനു ഭൂമിയെടുത്ത് കൃഷിചെയ്യുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് കൈവശം ആരുടേതാണെന്ന് നോക്കി സർട്ടിഫിക്കറ്റ് കൊടുക്കാൻ പറയുന്നത്. അതോടൊപ്പം ഈ സംവിധാനത്തിൽ എന്തെങ്കിലും തകരാറുണ്ടോ, കൃഷിചെയ്തവരിൽ നിന്നും സംഭരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടോ എന്നുള്ളത് പരിശോധിക്കും. ഇത് കൃഷിക്കാരെ സഹായിക്കുന്നതിന് ഏറ്റവും നല്ല പരിപാടിയായി നടപ്പിലാക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഇത് കമ്മിറ്റിയുടെ മുമ്പിൽ വയ്ക്കുകയും കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കാനും കൂടുതൽ Procuring agency-കളെ പങ്കെടുപ്പിക്കാനുമുള്ള നടപടിക്ക് ഉത്തരവ് കൊടുത്തിട്ടുണ്ട്. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഗവൺമെന്റ് അത് പരിശോധിക്കുകയും ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly